# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂലൈ 16**

---

## ഓണേഴ്സ് ബിരുദം; സപ്ലിമെൻററി അലോട്ട്മെന്റിന് ഇന്നു മുതൽ അപേക്ഷിക്കാം

.........

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന്റെ സപ്ലിമെന്ററി അലോട്ട്മെന്റിന് ഇന്നു (ജൂലൈ 17) മുതൽ അപേക്ഷിക്കാം. cap.mgu.ac.in എന്ന വെബ്സൈറ്റിൽ ജൂലൈ 19ന് വൈകുന്നേരം നാലുവരെ അപേക്ഷകൾ സ്വീകരിക്കും.

ഇതുവരെ അപേക്ഷ നൽകാത്തവർക്കും ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയിട്ടും അലോട്ട്മെന്റ് ലഭിക്കാത്തവർക്കും ലഭിച്ച അലോട്ട്മെന്റ് റദ്ദായവർക്കും ഈ അവസരം പ്രയോജനപ്പെടുത്താം.

സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷിക്കുന്ന എല്ലാവരും ഓപ്ഷനുകൾ പുതിയതായി നൽകണം. ഓൺലൈൻ അപേക്ഷയിൽ തെറ്റുവരുത്തിയതുമൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദായവർക്കും പ്രത്യേകം ഫീസ് അടയ്ക്കാതെ തന്നെ പുതിയതായി ഓപ്ഷൻ നൽകി സപ്ലിമെൻററി അലോട്ട്മെന്റിന് അപേക്ഷിക്കാം.

മാനേജ്മെന്റ്, കമ്യൂണിറ്റി മെറിറ്റ് ക്വാട്ടകളിലെ പ്രവേശനത്തിനുള്ള പ്രത്യേക ലിങ്കിലൂടെ മാത്രം നിലവിൽ അപേക്ഷിച്ചിട്ടുള്ളവർ നിലവിലെ ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് cap.mgu.ac.inൽ ലോഗിൻ ചെയ്യണം. നേരത്തെ നൽകിയ അപേക്ഷയിൽ തിരുത്തുലുകൾ വരുത്തുകയും പുതിയതായി ഓപ്ഷനുകൾ നൽകുകയും ചെയ്യാം.

അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിൻറൗട്ടുകൾ സർവകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളജുകളിലെ ബിരുദ പ്രോഗ്രാമുകളുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ ലഭിക്കും.

സ്ഥിര പ്രവേശനം എടുത്തവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷിക്കുകയും സപ്ലമെന്ററി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്താൽ പുതിയതായി ലഭിക്കുന്ന അലോട്ട്മെന്റ് പ്രകാരം പ്രവേശനം എടുക്കേണ്ടിവരും. ഇവരുടെ മുൻ പ്രവേശനം റദ്ദാകും. അതുകൊണ്ടുതന്നെ സ്ഥിര പ്രവേശനം

എടുത്തവർ സപ്ലിമെന്ററി അലോട്ട്മെന്റിന് ഓപ്ഷനുകൾ നൽകുമ്പോൾ പ്രത്യേക ശ്രദ്ധ പുലർത്തണം.

ഭിന്നേശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കും കമ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും ജൂലൈ 19ന് വൈകുന്നേരം നാലു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/609/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**